പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5680

09.07.2012-ലെ
മറുപടിക്ക്.

# സ്കൂളുകളിലെ ക്ലസ്റ്റർ സിസ്റ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ ക്ലസ്റ്റർ സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സ്കൂളുകളിൽ ഘടനാമാറ്റം കൊണ്ടുവരുന്നതിന്റെ ഭാഗമായി സ്കൂൾതല ക്ലസ്റ്റർ പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 1 മുതൽ 4 വരെയുള്ള എൽ.പി. സ്കൂളുകളിലും 5 മുതൽ 7 വരെയുള്ള യു.പി. സ്കൂളുകളിലും പുതിയതായി ക്ലാസ്മുറികൾ നിർമ്മിക്കാതെയും അദ്ധ്യാപകരുടെ പുനർവിന്യാസം ഒഴിവാക്കിക്കൊണ്ടുള്ള പ്രായോഗിക തലത്തിലുള്ള ഒരു ഘടനാമാറ്റത്തിനായി സ്കൂൾമാപ്പിംഗിലൂടെ അയൽപക്ക സ്കൂൾതല ക്ലസ്റ്ററുകൾ രൂപീകരിക്കാവുന്നതാണ്. 5-ാം ക്ലാസുള്ള ഒരു മാതൃസ്കൂളും 1 കിലോമീറ്റർ ചുറ്റളവിൽ ഉൾപ്പെട്ട ഫീഡർ എൽ.പി. സ്കൂളുകളും ഉൾപ്പെട്ട ഒരു അയൽപക്ക ക്ലസ്റ്ററും കൂടാതെ 8-ാം ക്ലാസ് ഉൾപ്പെട്ട ഒരു മാതൃസ്കൂളും 3 കിലോമീറ്റർ ചുറ്റളവിലുൾപ്പെട്ട ഫീഡർ യു.പി. സ്കൂളുകളും ഉൾപ്പെട്ട അടുത്ത തലത്തിലുള്ള അയൽപക്ക ക്ലസ്റ്ററുകളുമാണ് രൂപീകരിക്കേണ്ടത്. ഓരോ അയൽപക്ക ക്ലസ്റ്ററിലുമുള്ള കുട്ടികൾ ഏറ്റവും കൂടുതലുള്ള സ്കൂളുകളെ മാതൃസ്കൂളാക്കി മാറ്റുന്നു. മാതൃസ്കൂളുകളിലെ 5-ാം ക്ലാസ്സിനേയും 8-ാം ക്ലാസ്സിനേയും ഫീഡർ സ്കൂളിലേയ്ക്ക് കൊണ്ടുവരുന്നതിന് പകരം ആ ക്ലാസ്സുകളെ മാതൃ സ്കൂളുകളിൽ തന്നെ നിലനിർത്തി എല്ലാ ഫീഡർ സ്കൂളിലേയും കുട്ടികളെ മാതൃസ്കൂളുകളിലേയ്ക്ക് മാറ്റുന്നു. |

മാതൃസ്കൂളുകളിലെ അഞ്ചാം ക്ലാസ്സിലും എട്ടാം ക്ലാസ്സിലും തുടരുന്ന കുട്ടികളെ ഫീഡർ സ്കൂളുകളുടെ ഭാഗമാണെന്നുതന്നെ കണക്കാക്കി അവരുടെ നിയമപരമായ എല്ലാ രേഖകളും ഫീഡർ സ്കൂളുകളിൽ നിലനിർത്തുന്നു. നിശ്ചിത മാതൃസ്കൂളുകളിൽ കുട്ടികളെ ചേർക്കാതെ മറ്റു സകൂളുകളിൽ കുട്ടികളെ ചേർക്കാൻ ഉദ്ദേശിക്കുന്ന രക്ഷിതാക്കൾക്ക് അവർ നിർദ്ദേശിക്കുന്ന സ്കൂളുകളിലേക്ക് കുട്ടികളുടെ ടി.സി. നൽകുന്നു. നിർദ്ദിഷ്ട മാതൃസ്കൂളുകൾക്ക് എന്തെങ്കിലും അപര്യാപ്തതയോ, അസൗകര്യങ്ങളോ ഉണ്ടെങ്കിൽ ഒരു വർഷത്തിനുള്ളിൽ അവ പരിഹരിച്ച് മാതൃകാസ്കൂളാക്കി മാറ്റുന്നു. ഇതിലൂടെ ഫീഡർ സ്കൂളുകളിലെ ബഹുഭൂരിപക്ഷം കുട്ടികളേയും മാതൃസ്കൂളുകളിൽതന്നെ നിലനിർത്താൻ കഴിയുന്നതാണ്.

(ബി) ഇത് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്;

(ബി) ഘടനാമാറ്റത്തിന്റെ ഫലമായി എൽ.പി. വിഭാഗത്തിൽ 11305 ക്ലാസ്സ് മുറികളും യു.പി. വിഭാഗത്തിൽ 6681 ക്ലാസ് മുറികളും അധികം വേണ്ടി വരുന്നു. ഇപ്രകാരം അധിക മുറികൾ കെട്ടുമ്പോൾ കുട്ടികൾക്കുള്ള കളിസ്ഥലം നഷ്ടമാവുകയും ഭീമമായി നിർമ്മാണ ചെലവുണ്ടാവുകയും ചെയ്യും. കൂടാതെ ടീച്ചർമാരെ പുനർവ്യന്യസിക്കേണ്ടതായും വരു. ഈ അവസ്ഥ ഒഴിവാക്കാൻ പുതിയ ക്ലസ്റ്റർ പദ്ധതിയിലൂടെ സാധിക്കും.

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) ഈ സംവിധാനം എന്ന് മുതൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്?

(സി) യും (ഡി) യും

പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അന്തിമതീരുമാനമായിട്ടില്ല.

സെക്ഷൻ ഓഫീസർ